## 969

*രീതി: പദം പദം ഉറച്ചു നാം*

യേശു രാജൻ മേഘത്തേരിൽ വന്നിടുവാൻ കാലമായ്
ആശയോടു കാത്തിരിക്കും ഭക്തരേ ഉണരുവിൻ

1 മണ്ണിതിന്റെ ദു:ഖവും നിലവിളിയും നീങ്ങിടും
കണ്ണുനീർ തുടച്ചിടുവാൻ കർത്തൻ കരം നീട്ടിടും-

2 ആർത്തിയോടു കാത്തിരിക്കും ശുദ്ധരിൻ സമൂഹമേ
പാർത്തലം വിട്ടക്കരയ്ക്കു പോകുവാൻ സമയമായ്-

3 നന്നു, നല്ലദാസനേ! നീയൽപ്പത്തിൽ വിശ്വസ്തനായ്
എന്നു ചൊല്ലും കർത്തൻ ശബ്ദം കേട്ടിടാൻ സമയമായ്-

4 കാലമെല്ലാം നീങ്ങിടാറായ് നിത്യതയുദിക്കാറായ്
കർത്തൻ ശിൽപ്പിയായിത്തീർത്ത പട്ടണത്തിലെത്താറായ്-

5 രക്തം ചിന്തി നമ്മെ വീണ്ട കർത്തൻ മുഖം കണ്ടതിൽ
മുത്തം ചെയ്തു നന്ദിയോടു വന്ദിച്ചിടാൻ കാലമായ്-

6 വിണ്ണിൻ നാഥനോടു ചേരാൻ മണ്ണിനെ വെടിഞ്ഞിടാം
കണ്ണിമയ്ക്കും നേരത്തിൽ നാം വിണ്ണിൽ ചേർന്നു വാണിടും- **T.T.M.**